നം.എം.(1)/8159/2023/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 26/08/2023.
E-Mail: supdtm.dge@kerala.gov.in

## വിജ്ഞാപനം

വിഷയം:- പൊതുവിദ്യാഭ്യാസം - 2023-24- പ്രത്യേക പരിഗണന അർഹിക്കുന്ന (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന) കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കുള്ള പ്രത്യേക ധനസഹായം (സ്പെഷ്യൽ സ്കൂൾ പാക്കേജ്) -അപേക്ഷ സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (കൈ) നം.56/2023/പൊ.വി.വ. തീയതി, 10.05.2023.

****

മേൽ സൂചനയിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകളായി തരം തിരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി മേൽ സൂചിത ഉത്തരവ് പ്രകാരം അർഹതയുള്ള സ്കൂളുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ http://www.ssportal.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയി **26.08.2023** മുതൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **10.09.2023** ആണ്.

രജിസ്ട്രേഷൻ അവസാനിച്ച സ്കൂളുകൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ (അപേക്ഷിക്കുന്ന തീയതിയിൽ Valid രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം). അപേക്ഷയോടൊപ്പം താഴെപ്പറയുന്ന വിശദാംശങ്ങൾ കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1. സൂചന ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ
   (നിശ്ചിത പ്രൊഫോർമയിൽ)

2. കുട്ടികളുടെ വിവരങ്ങൾ (നിശ്ചിത പ്രൊഫോർമയിൽ 18 വയസ്സിനു താഴെയുള്ളവർ, 18 വയസ്സിന് മുകളിലുള്ളവർ എന്നിവ പ്രത്യേകം)

3. സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

4. സ്കൂളിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.(2023-24)

5. 2022-23 ൽ നൽകിയ തുക വിനിയോഗിച്ചതിന്റെ ധന വിനിയോഗ പത്രം.

6. സി.എ ആഡിറ്റ് നടത്തിയതിന്റെ ആഡിറ്റ് ബാലൻസ് ഷീറ്റ്

7. 2022-23 ൽ നൽകിയ ഗ്രാന്റ് വിനിയോഗിച്ചതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം (നിശ്ചിത പ്രൊഫോർമയിൽ).

8. 18 വയസ്സിന് താഴെ കുട്ടികൾ ഇല്ലാത്ത (ബഡ്സ് സ്കൂളുകൾ ഒഴികെ) സ്കൂളുകളും, 2022-23 വർഷത്തിൽ നിയമാനുസൃതം ഫണ്ട് വിനിയോഗിക്കാത്ത സ്കൂളുകളും, Valid രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂളുകളും അപേക്ഷിക്കേണ്ടതില്ല.

എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഈ വിജ്ഞാപനത്തിന്റെ പകർപ്പ് എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും നൽകേണ്ടതാണ്. കൂടാതെ ജില്ലാതലത്തിൽ വിപുലമായ പ്രചാരണവും പത്രക്കുറിപ്പും നൽകുന്നതിന് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:-

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
2. ഡയറക്ടർ, കുടുംബശ്രീ മിഷൻ.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ എൻ.ജി.ഒ/ബഡ്സ് സ്കൂളുകൾക്കും(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)